**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3633 — 20/10/2016-ൽ മറുപടിയ്ക്ക്

## പ്രീ പ്രൈമറി സ്കൂളുകളുടെ അംഗീകാരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജോർജ് എം. തോമസ് | പ്രൊഫ. സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) 2012 ന ശേഷം സർക്കാർ/ എയ്ഡഡ് സ്കൂളുകളോടനുബന്ധിച്ച് ആരംഭിച്ച പ്രീ-പ്രൈമറി സ്കൂളുകൾക്ക് അംഗീകാരം നൽകാത്തതെന്തു കൊണ്ടാണെന്ന വിശദമാക്കാമോ;<br>(ബി) അംഗീകാരം ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചവരുടെ ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ; | (എ) & (ബി) എയ്ഡഡ് സ്കൂളുകളോടനുബന്ധിച്ച് പ്രീ-പ്രൈമറി ആരംഭിക്കുന്നതിന് നാളിതു വരെ സർക്കാർ അനുമതി നൽകിയിട്ടില്ല.<br>പി.റ്റി.എ ചെലവിലും നിയന്ത്രണത്തിലും ആരംഭിച്ച പ്രീ-പ്രൈമറികളിൽ നിയമിതരായ നിശ്ചിത യോഗ്യതയില്ലാത്തവരുൾപ്പെടെയുള്ള ജീവനക്കാർക്ക് ഓണറേറിയം നൽകുന്നതിനുള്ള സാമ്പത്തിക ബാധ്യത വന്നു ചേർന്നതിനാലാണ് 2012 മുതൽ സർക്കാർ സ്കൂളുകളിൽ പുതിയ പ്രീ-പ്രൈമറികൾ ആരംഭിക്കേണ്ടതില്ല എന്ന് സർക്കാർ തീരുമാനമെടുത്തിട്ടുള്ളത്. 07/12/2012-ന ശേഷം സർക്കാർ സ്കൂളുകളിൽ പുതിയ പ്രീ-പ്രൈമറികൾ ആരംഭിക്കേണ്ടതില്ല എന്ന് സർക്കാർ തീരുമാനിച്ചിട്ടുള്ളതിനാൽ തുടർന്ന് ലഭിച്ച അപേക്ഷകൾ പരിഗണനാർഹമല്ല. |
| (സി) 2012 ന ശേഷം സർക്കാർ/ എയ്ഡഡ് സ്കൂളുകളോടനുബന്ധിച്ച് ആരംഭിച്ച പ്രീ പ്രൈമറി സ്കൂളുകൾക്ക് അംഗീകാരം ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (സി) അനുമതിയില്ലാതെ ആരംഭിച്ച് എയ്ഡഡ് സ്കൂളുകളിൽ പ്രവർത്തിക്കുന്ന പ്രീ-പ്രൈമറികൾക്ക് അംഗീകാരം നൽകുന്ന വിഷയം പരിഗണനയിലില്ല. 2012 മുതൽ സർക്കാർ സ്കൂളുകളിൽ പുതിയ പ്രീ-പ്രൈമറികൾ ആരംഭിക്കേണ്ടതില്ല എന്ന സർക്കാർ തീരുമാനം നിലനിൽക്കുന്നതിനാൽ ഇവയ്ക്കും അംഗീകാരം നൽകാനാവില്ല. ഈ ഉദ്ദേശത്തോടുകൂടി കേരളത്തിൽ 33000 അംഗനവാടികൾ പ്രവർത്തിക്കുന്നുണ്ട് എന്നതിനാലാണ് സ്കൂളുകളിൽ വീണ്ടും മറ്റൊരു പാഠ്യക്രമം വേണ്ടതില്ലായെന്ന് തീരുമാനിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ